# ECHO OF HIS CALL

MALAYALAM

വിളിയുടെ പ്രതിധ്വനി

India's National Spiritual Newspaper

₹ 10/-

REACHING NATIONS

Published monthly in ENGLISH, TAMIL, MALAYALAM, TELUGU, HINDI, KANNADA, MARATHI, BENGALI, GUJARATI, ODIYA, ASSAMESE, PUNJABI, NEPALI, URDU, SINHALA & AFRIKAN

Editor : S. SAM SELVA RAJ | 16 Languages | Associate Editor : Ev. BENJAMIN MOSES

Vol. XXXI YEAR OF OUR LORD JESUS CHRIST, 2024 NOVEMBER No. 01


### വിശുദ്ധ വേദപുസ്തകം

**ദയവായി ഈ ഭാഗം മനഃപാഠമാക്കുക**

**സദൃശ്യവാക്യങ്ങൾ 26:1 – 10**

01. വേനൽക്കാലത്തു ഹിമവും കൊയ്ത്തു കാലത്തു മഴയും എന്നപോലെ ഭോഷന്നു ബഹുമാനം പൊരുത്തമല്ല.
02. കുരികിൽ പാറിപ്പോകുന്നതും മീവൽ പക്ഷി പറന്നുപോകുന്നതുംപോലെ കാരണംകൂടാതെ ശാപം പറ്റുകയില്ല.
03. കുതിരെക്കു ചമ്മട്ടി, കഴുതെക്കു കടിഞ്ഞാൺ, മൂഢന്മാരുടെ മുതികിന്നു വടി.
04. നീയും മൂഢനെപ്പോലെ ആകാതിരിക്കേണ്ടതിന്നു അവന്റെ ഭോഷത്വംപോലെ അവനോടു ഉത്തരം പറയരുതു.
05. മൂഢന്നു താൻ ജ്ഞാനിയെന്നു തോന്നാതിരിക്കേണ്ടതിന്നു അവന്റെ ഭോഷത്വത്തിന്നു ഒത്തവണ്ണം അവനോടു ഉത്തരം പറക.
06. മൂഢന്റെ കൈവശം വർത്തമാനം അയക്കുന്നവൻ സ്വന്തകാൽ മുറിച്ചുകളകയും അന്യായം കുടിക്കയും ചെയ്യുന്നു.
07. മൂഢന്മാരുടെ വായിലെ സദൃശവാക്യം മുടന്തന്റെ കാൽ ഞാന്നു കിടക്കുന്നതു പോലെ.
08. മൂഢന്നു ബഹുമാനം കൊടുക്കുന്നതു കവിണയിൽ കല്ലു കെട്ടി മുറുക്കുന്നതു പോലെ.
09. മൂഢന്മാരുടെ വായിലെ സദൃശവാക്യം മത്തന്റെ കയ്യിലെ മുള്ളുപോലെ.
10. എല്ലാവരെയും മുറിവേല്പിക്കുന്ന വില്ലാളിയും മൂഢനെ കൂലിക്കു നിർത്തുന്നവനും കണ്ടവരെ കൂലിക്കു നിർത്തുന്നവനും ഒരുപോലെ.

# പരസ്പരം ഭാരം വഹിക്കുന്നു!

## BEARING EACH OTHER'S BURDEN! (Galatians 6:2)


*റവ. ഏഞ്ചലിൻ സെൽവകുമാരി*

*ബഹു. ചീഫ് എഡിറ്റർ*




നിസ്സീമയായതും പരിധിയില്ലാത്തതും നിസ്തർക്കവുമായ നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ നാമത്തിൽ എല്ലാവർക്കും ആശംസകൾ! 2024 ന്റെ ആദ്യ പത്തു മാസങ്ങൾ ഞങ്ങളെ താങ്ങി നിർത്തിയ ദൈവത്തിന്റെ കൃപയ്ക്കും അനുഗ്രഹത്തിനുമായി ഞങ്ങൾ നന്ദി പറയുന്നു. ഞങ്ങൾ അവന്റെ മക്കളായതിനാൽ അവൻ ഞങ്ങളെ തുടർന്നും നടത്തും. അവന്റെ കൃപ ഞങ്ങളെ നയിക്കും.

തന്റെ മക്കളാകാൻ അവൻ നമ്മെ വിളിച്ചതായി വേദപുസ്തകം പഠിപ്പിക്കുന്നു. അത് വലിയ പദവിയാണ്. എന്നാൽ നിർണ്ണായകമായ ചോദ്യം "നമ്മുടെ ജീവിതം അവിടുത്തെ വിളിക്ക് യോജിച്ചതാണോ?" എന്നതാണ്. **നിങ്ങളെ വിളിച്ചിരിക്കുന്ന വിളിക്ക് യോഗ്യമാംവണ്ണം** ജീവിക്കണമെന്ന് അപ്പൊസ്തലനായ പൗലൊസ് എഫെസ്യർക്കെഴുതിയ ലേഖനം 4:1ൽ അഭ്യർത്ഥിക്കുന്നു. ഇത് എന്താണ് അർത്ഥമാക്കുന്നത്? ഈ വാക്യം ദിവസങ്ങളോളം എന്റെ മനസ്സിൽ തങ്ങിനിന്നു. അവന്റെ വിളിക്കു യോഗ്യമായി ജീവിക്കണമെന്ന് പറയുന്നതിന്റെ അർത്ഥം എന്താണ്? കൃത്യമായി എന്തു ചെയ്യാനാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത്? ഇതിന് നിരവധി വശങ്ങളുണ്ടെങ്കിലും ഇന്ന് നമുക്ക് ഒന്നിൽ ശ്രദ്ധ കേന്ദ്രീകരിക്കാം.

### സമാധാനം ഉണ്ടാക്കുന്നവർ : ദൈവത്തിന്റെ മക്കൾ

മത്തായി 5:9: **സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ; അവർ ദൈവത്തിന്റെ പുത്രന്മാർ എന്നു വിളിക്കപ്പെടും.** പ്രിയ സഹോദരീ സഹോദരന്മാരേ, നാം ദൈവമക്കൾ എന്നു വിളിക്കപ്പെടാനും


*3-ാം പേജിൽ തുടരും...*





Echo of His Call

*Christian YouTube Channel!*

**An opportunity to pray with Pr. S. Sam Selva Raj!**

Message & Prayer in 5 minutes!!

**English, Hindi, Tamil & Telugu**

Every day – From 2.00 A.M.

**Tamil Sunday Service – 8.30 A.M.**

★ Please Subscribe and Share ★

# ECHO OF HIS CALL - (1969-2019 GOLDEN JUBILEE YEAR)

## *from your dearly beloved brother...*





**ഞങ്ങളുടെ നിയോഗം**

പ്രാചീന അപ്പൊസ്തലരുടെ ഉപദേശങ്ങൾ ആനുകാലിക തലമുറയ്ക്കു മായമില്ലാതെ വ്യാഖ്യാനം ചെയ്ത് പഠിപ്പിക്കുക എന്നതാണ് ഞങ്ങളുടെ ധർമ്മം. അതാണ് ഈ നിമിഷത്തിന്റെ ആവശ്യവും.


**HON. EDITOR-IN-CHIEF**
Rev. Angeline S. Kumari, M.A., M.Sc., M.Ed.

**HON. MANAGING EDITOR**
Pastor Alex Samson Sam, B.Th., M.Div.

**GENERAL MANAGER**
Bro. N. Prakasam, M.A., M.Sc.(C&P), PGDHRM., MBA.

**ADMINISTRATION**
Sis. Jesy Veena Sam
Adv. K. Puratchivendan, M.Com., C.A., B.L.
Dr. P.E.R. Premchand, M.Sc., M.A., M.Ed., Ph.D.
Dr. C.G.S. Baburao, B.Tech., M.Tech. (DM), Ph.D.
Dr. Rabinder Boaz, M.S. (CMC)

**EDITORIAL BOARD**
Dr. Serena Bevin, M.A., M.Phil., B.Ed.
Sis. Sajini Cherian
Rev. Dr. K.R. Rajasekaran
Rev. Dr. William Robert, Ph.D., DD, D.Lit.



**EDITOR, PUBLISHER & PRINTER**
Pastor S. SAM SELVA RAJ
Echo of His Call Printers
10, Mohammed Abdullah 2nd Street,
Chepauk, Chennai- 600 005, India.
Phone : (+ 91- 44) 2852 8282, 2852 9293, 2854 7766
Cell : (+91) 98410 71852, 98412 71858
95661 31858

**E.MAIL**
sam@echoofhiscall.org
biblecor@yahoo.co.in

**WEBSITES**
www.echoofhiscall.org
www.stpaulsmatriculation.com

**YOUTUBE CHANNEL**
Echo of His Call


**"The young lions lack and suffer hunger; But those who seek the Lord shall not lack any good thing" – Psalm 34:10**

ക്രിസ്തുവിൽ പ്രീയ ദൈവമക്കളേ,

**യഹോവയുടെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവൻ; ഞങ്ങൾ യഹോവയുടെ ആലയത്തിൽ നിന്നു നിങ്ങളെ അനുഗ്രഹിക്കുന്നു** (സങ്കീർത്തനങ്ങൾ 118:26).

**വിളിയുടെ പ്രതിധ്വനി**യുടെ സഹപ്രവർത്തകരോടു ഞങ്ങൾ കർത്താവിന്റെ നാമത്തിൽ നന്ദിയുള്ളവരാണ്. പ്രതിബന്ധങ്ങളും രോഗങ്ങളും സാമ്പത്തിക പ്രതിസന്ധികളും ചില മേഖലകളിൽ നമുക്ക് അനുകൂലമല്ലായിരുന്നെങ്കിലും ദൈവം നമ്മെ നയിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നു. പൗലൊസ് പറഞ്ഞതുപോലെ: **കപ്പലിന്നു അല്ലാതെ നിങ്ങളുടെ ആരുടെയും പ്രാണന്നു ഹാനി വരികയില്ല** (പ്രവൃത്തികൾ 27:22).

ഞങ്ങളുടെ സഹപ്രവർത്തകർ ശാരീരികമായി മെച്ചപ്പെടുമ്പോൾ ഞങ്ങളുടെ പ്രാദേശിക യാത്രകൾ പുനരാരംഭിക്കുന്നതാണ്. **നീതിമാൻ ഏഴുപ്രാവശ്യം വീണാലും എഴുന്നേല്ക്കും** (സദൃശ്യവാക്യങ്ങൾ 24:16). അതിനാൽ നവംബർ മാസം അനുഗ്രഹങ്ങൾ നിറഞ്ഞതായിരിക്കും എന്നു ഞങ്ങൾ പ്രതീക്ഷിക്കുന്നു.

**വിളിയുടെ പ്രതിധ്വനി** മാസിക ഓരോ മാസവും അച്ചടിച്ച് പ്രസിദ്ധീകരിക്കുവാൻ ഉത്തരവാദിത്തത്തോടെ ഞങ്ങളെ സഹായിച്ചുകൊണ്ടിരിക്കുന്ന പ്രധാന കാര്യാലയത്തിലെ ഞങ്ങളുടെ സഹപ്രവർത്തകരായ സിസ്റ്റർ സെറീന ബെവിൻ, സിസ്റ്റർ സജിനി ചെറിയാൻ, റവ. ഡോ. കെ. ആർ. രാജശേഖരൻ, റവ. ഡോ. റോബർട്ട് വില്ല്യം എന്നിവർക്കായും 16 ഭാഷകളിലെ അസ്സോസിയേറ്റ് എഡിറ്റർമാർ, സഹായികൾ എന്നിവർക്കായും, കോഡിനേറ്റർമാർ അച്ചടിശാലയിലെ ജീവനക്കാർ എന്നിവർക്കായും നിങ്ങളുടെ പ്രാർത്ഥനകൾ ഞങ്ങൾ വളരെയധികം ആഗ്രഹിക്കുന്നു. ഇവരുടെയെല്ലാം ക്ഷേമം കൊണ്ടുമാത്രമേ മാസിക പതിവായി പ്രസിദ്ധീകരിക്കുവാൻ സാധിക്കുകയുള്ളു.

ഞങ്ങളുടെ **പള്ളികൾ, നെഹെമ്യ ബൈബിൾ കോളേജുകൾ, സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ, അച്ചടിശാല, യുട്യൂബ് മീഡിയ ശുശ്രൂഷ, മിഷൻ സെന്ററുകൾ, ഓഫീസ്** എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്കായി നിങ്ങളുടെ വിലയേറിയ പ്രാർത്ഥന ഞങ്ങൾ ആവശ്യപ്പെടുന്നു.

പ്രത്യേകിച്ച്, ഞങ്ങളുടെ ശുശ്രൂഷകൾ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോയിക്കൊണ്ടിരിക്കുന്ന ഈ കാലയളവിൽ ഞങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുവാൻ വളരെയധികം ബുദ്ധിമുട്ടുന്നു. ദയവായി പ്രാർത്ഥിക്കുവിൻ.

ദൈവം നിങ്ങളെ സമൃദ്ധിയായി അനുഗ്രഹിക്കട്ടെ.

പ്രാർത്ഥനയോടും സ്നേഹത്തോടുംകൂടെ,

*ക്രിസ്തു യേശുവിൽ നിങ്ങളുടെ ശുശ്രൂഷകർ,*

***പാസ്റ്റർ അലക്സ് സാംസൺ സാം,***

***പാസ്റ്റർ എസ്. സാം സെൽവരാജ്***


(+91) 98412 71858/98410 71858,
E-mail : sam@echoofhiscall.org

**നിങ്ങളുടെ പ്രത്യേക ശ്രദ്ധയ്ക്ക്!**

വിളിയുടെ പ്രതിധ്വനിയുടെ 5 മിനിട്ട് യുട്യൂബ് സന്ദേശങ്ങൾ എല്ലാ ദിവസവും രാവിലെ 2.00 മണിക്ക് തമിഴ്, തെലുങ്ക്, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിൽ സംപ്രേഷണം ചെയ്യുന്നു. ഈ സന്ദേശങ്ങളിലൂടെ ദൈവകൃപ പ്രാപിക്കാൻ സാധിക്കും.

കൂടാതെ നിങ്ങളുടെ മൊബൈൽ ഫോണുകളിൽ (+91)98410 71858, (+91)98412 71858 (പേഴ്സണൽ) എന്നീ എന്റെ നമ്പരുകൾ സേവ് ചെയ്യുവിൻ.

– പാസ്റ്റർ സാം സെൽവരാജ്

1-ാം പേജിന്റെ തുടർച്ച...

നമ്മുടെ വിളിക്ക് യോഗ്യമായ ജീവിതം നയിക്കാനും ആഗ്രഹിക്കുന്നു എങ്കിൽ നാം സമാധാനം ഉണ്ടാക്കുന്നവരായിരിക്കണം. ഇത് ദൈവമക്കളുടെ ഒരു പ്രധാന സവിശേഷതയാണ്. പ്രശ്നം ഉണ്ടാക്കുന്നവരായിട്ടല്ല, സമാധാനം ഉണ്ടാക്കുന്നവരാകുവാനാണ് അവൻ നമ്മെ വിളിച്ചിരിക്കുന്നത്.

പരസ്പരം ഭാരം ചുമക്കുന്നതിലൂടെ സമാധാനം ഉണ്ടാക്കുന്നവരാകാനാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത് എന്ന് എഫെസ്യർ 4:2 വ്യക്തമാക്കുന്നു. ഇതിനുവേണ്ടി നാം എളിമയും സൗമ്യതയും താഴ്മയും ഉള്ളവരായിരിക്കണം. ഈ സദ്ഗുണങ്ങൾ നാം പ്രാപർത്തികമാക്കേണ്ടത് നമ്മുടെ വിശ്വാസം പങ്കുവയ്ക്കുന്ന സഹവിശ്വാസികളോടു മാത്രമല്ല, കഠിനമായ വാക്കുകളാലും ദ്രോഹകരമായ പ്രവൃത്തികളാലും നമ്മുടെ ക്ഷമയെ അനുദിനം പരിശോധിക്കുന്നവരോടുംകൂടെയാണ്. സത്യത്തിൽ, ഇത് ബുദ്ധിമുട്ടുള്ളതും വെല്ലുവിളി നിറഞ്ഞതുമാണ്. സംസാരിക്കുവാൻ എളുപ്പമാണ്, പക്ഷെ ജീവിച്ചു കാണിക്കുവാൻ പ്രയാസമാണ്. എന്നിരുന്നാലും യേശുവിനെ സ്നേഹിക്കുന്നവരിൽനിന്നും വേദപുസ്തകം പ്രതീക്ഷിക്കുന്നത് ഇതാണ്. നാം കേവലം കേൾക്കുന്നവരായിട്ടല്ല, വചനം അനുസരിക്കുന്നവരായിരിക്കണം എന്ന് യാക്കോബ് അപ്പൊസ്തലൻ ഊന്നിപ്പറയുന്നു.

**പരസ്പരം ഭാരങ്ങൾ വഹിക്കുക!**

**അന്യോന്യം പൊറുക്കയും ഒരുവനോടു ഒരുവന്നു വഴക്കുണ്ടായാൽ തമ്മിൽ ക്ഷമിക്കയും ചെയ്‌വിൻ. ദൈവം ക്രിസ്തുവിൽ നിങ്ങളോടു ക്ഷമിച്ചതുപോലെ അന്യോന്യം ക്ഷമിപ്പിൻ** എന്ന് കൊലൊസ്യർ 3:13, എഫെസ്യർ 4:32 നമ്മെ ഉപദേശിക്കുന്നു.

പരസ്പരം സഹിക്കുന്നതിന് ക്ഷമ ആവശ്യമാണ്. യഥാർത്ഥത്തിൽ ക്ഷമിക്കാൻ നമുക്ക് സ്നേഹം ആവശ്യമാണ്, ദൈവസ്നേഹമില്ലാതെ നമുക്ക് പൂർണ്ണമായി ക്ഷമിക്കാനോ മറക്കാനോ കഴിയില്ല. "ഇത് ബുദ്ധിമുട്ടാണ്, എനിക്ക് അതു ചെയ്യാൻ കഴിയില്ല. വികാരങ്ങളും വിചാരങ്ങളും ഉള്ള ഒരു മനുഷ്യൻ മാത്രമാണ് ഞാൻ. ഇത് എനിക്ക് അസാദ്ധ്യമാണ്" എന്നു നിങ്ങൾ പറഞ്ഞേക്കാം. അതുകൊണ്ടാണ് നമുക്ക് ദൈവത്തിന്റെ സഹായം ആവശ്യമായി വരുന്നത് - സ്നേഹിക്കുവാനും ക്ഷമിക്കുവാനും. പരസ്പരം ഭാരങ്ങൾ പങ്കിടുന്നത് വെറും ഒരു നിർദ്ദേശമോ തിരഞ്ഞെടുപ്പോ മാത്രമല്ല; അത് ഒരു കല്പനയാണ്. **തമ്മിൽ തമ്മിൽ ഭാരങ്ങളെ ചുമപ്പിൻ; ഇങ്ങനെ ക്രിസ്തുവിന്റെ ന്യായപ്രമാണം നിവർത്തിപ്പിൻ** എന്ന് ഗലാത്യർ 6:2 ൽ പറയുന്നു.

ക്രിസ്തുവിന്റെ നിയമം പൂർത്തിയാക്കണമെങ്കിൽ പരസ്പരം ഭാരങ്ങൾ വഹിക്കാൻ നാം സഹായിക്കണം. വെല്ലുവിളികൾ, തടുക്കാൻ കഴിയാത്ത സാഹചര്യങ്ങൾ, സാമ്പത്തിക പോരാട്ടങ്ങൾ, പാപത്തോടുള്ള പോരാട്ടങ്ങൾ, ശാരീരികവും ആത്മീയവുമായ പരീക്ഷണങ്ങൾ എന്നീ ബുദ്ധിമുട്ടുകൾ ഓരോ വ്യക്തികളും നേരിടുന്നു. എന്നാലും, ഈ ഭാരങ്ങൾ ഒറ്റയ്ക്കു വഹിക്കാൻ മാത്രം ഞങ്ങൾ ഉദ്ദേശിച്ചിട്ടില്ല, അതിനുവേണ്ടിയാണ് ദൈവം സഭ എന്ന കുടുംബത്തെ ഞങ്ങൾക്കു നൽകിയത്. ക്രിസ്തുവിൽ നാം ഒരു ശരീരമാണ്, ശരീരത്തിന്റെ ഒരു ഭാഗം കഷ്ടപ്പെടുമ്പോൾ ശരീരം മുഴുവനും ബാധിക്കപ്പെടുന്നു.

**കുരിശിന്റെ പ്രതീകാത്മകത!**

ദൈവവുമായ ബന്ധത്തിന് ഊന്നൽ നൽകിക്കൊണ്ട്, ദൈവവുമായുള്ള സമാധാനം നിലനിറുത്തുന്നതിൽ നാം പലപ്പോഴും ശ്രദ്ധ കേന്ദ്രീകരിക്കുന്നു. എന്നിരുന്നാലും കുരിശിന്റെ ചിഹ്നത്തിൽ രണ്ടു വരികളുണ്ട്: ലംബ രേഖ (vertical) ദൈവവുമായുള്ള നമ്മുടെ ബന്ധത്തെ പ്രതിനിധീകരിക്കുന്നു, അതേ സമയം തിരശ്ചീന രേഖ (horizontal) മറ്റുള്ളവരുമായുള്ള നമ്മുടെ ബന്ധത്തിന്റെ പ്രതീകമായിരിക്കുന്നു. യേശുവിന്റെ ഏറ്റവും പ്രധാനമായ രണ്ടു കല്പനകൾ ഒരേ രീതിയിൽ സംഗ്രഹിച്ചിരിക്കുന്നു. ഒന്നാമത്തേത്, **നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും കൂടെ സ്നേഹിക്കേണം** (മത്തായി 22:37) എന്നത് ദൈവവുമായുള്ള നമ്മുടെ ബന്ധത്തെക്കുറിച്ച് സംസാരിക്കുന്നു (ലംബ രേഖ). **കൂട്ടുകാരനെ നിന്നെപ്പോലെ തന്നേ സ്നേഹിക്കേണം** (മത്തായി 22:39, 22:34-40), മറ്റുള്ളവരുമായുള്ള നമ്മുടെ ബന്ധത്തെക്കുറിച്ച് സംസാരിക്കുന്നു (തിരശ്ചീന രേഖ).

ദൈവവുമായുള്ള ബന്ധത്തിൽ നമ്മിൽ പലരും സംതൃപ്തരാണെന്നു തോന്നുന്നു. നാം കർത്താവിനെ സ്നേഹിക്കുന്നു, അനുദിനം അവന്റെ വചനം വായിക്കുന്നു, പ്രാർത്ഥിക്കുന്നു, ഉപവസിക്കുന്നു, പള്ളിയിൽ പോകുന്നു, ശുശ്രൂഷയിൽ ഏർപ്പെടുന്നു, ആത്മാവിന്റെ ദാനങ്ങൾക്ക് വലിയ ഊന്നൽ നൽകുന്നു. 1 കൊരിന്ത്യർ 12:8-10 വരെ പൗലൊസ് ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: **ഒരുത്തന്നു ആത്മാവിനാൽ ജ്ഞാനത്തിന്റെ വചനവും മറ്റൊരുത്തന്നു അതേ ആത്മാവിനാൽ പരിജ്ഞാനത്തിന്റെ വചനവും നൽകപ്പെടുന്നു; വേറൊരുത്തന്നു അതേ ആത്മാവിനാൽ വിശ്വാസം, മറ്റൊരുവന്നു അതേ ആത്മാവിനാൽ രോഗശാന്തികളുടെ വരം; മറ്റൊരുവന്നു വീര്യപ്രവൃത്തികൾ; മറ്റൊരുവന്നു പ്രവചനം; മറ്റൊരുവന്നു ആത്മാക്കളുടെ വിവേചനം; വേറൊരുവന്നു പലവിധ ഭാഷകൾ; മറ്റൊരുവന്നു ഭാഷകളുടെ വ്യാഖ്യാനം.**

എന്നാൽ, ആത്മാവിന്റെ ഫലങ്ങളുടെ കാര്യമോ? ഗലാത്യർ 5:22,23 നമ്മെ ഓർമ്മിപ്പിക്കുന്നത് **ആത്മാവിന്റെ ഫലമോ : സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം; ഈ വകെക്കു വിരോധമായി ഒരു ന്യായപ്രമാണവുമില്ല.** മിക്കവരും അവരുടെ ശുശ്രൂഷയിലും ദൈവവുമായുള്ള വ്യക്തിപരമായ ബന്ധത്തിലും മുഴുകി അവരുടെ കുടുംബത്തെയും അയൽക്കാരെയും അവഗണിക്കുന്നതായി പലപ്പോഴും ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. ഈ രണ്ടു ബന്ധങ്ങളും ഒരുപോലെ പ്രധാനമാണ് എന്ന് വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നു.

**സഭയുടെ ഉത്തരവാദിത്തം!**

ഞാനും നിങ്ങളും ഉൾപ്പെടുന്ന സഭയ്ക്ക്, നമ്മുടെ സഹവിശ്വാസികളുടെ ഭാരങ്ങൾ പരിപാലിക്കാനും പങ്കിടാനുമുള്ള അഗാധമായ ഉത്തരവാദിത്തമുണ്ട്. സഭയിലെ ഒരു അംഗത്തിന് അസുഖം വരുമ്പോൾ അത് സഭയിലെ മറ്റു അംഗങ്ങളെയും നമ്മെയും ബാധിക്കുന്നു. മറ്റുള്ളവരെ പരിപാലിക്കുക എന്നത്

കേവലം അനുകമ്പയുടെ പ്രവൃത്തിയല്ല മറിച്ച് വ്യക്തിപരമായ താങ്ങും ഉൾപ്പെടുന്നു. നമ്മുടെ ചുറ്റുമുള്ളവരെല്ലാം ആരോഗ്യവാന്മാരാകുമ്പോൾ, നമുക്ക് നേട്ടം ഉണ്ടാകുന്നു; നാം ആരോഗ്യവാന്മാരായിരുന്നാൽ സഭ മൊത്തമായും ശക്തി പ്രാപിക്കുന്നു. നേരെമറിച്ച്, നാം കഷ്ടപ്പെടുകയാണെങ്കിൽ സഭ ഉൾപ്പെടെ നമ്മോട് അടുപ്പമുള്ള എല്ലാവരെയും അത് ബാധിക്കുന്നു.

ഗലാത്യർ 6:2 ൽ പ്രസ്താവിക്കുന്നതുപോലെ **തമ്മിൽ തമ്മിൽ ഭാരങ്ങളെ ചുമപ്പിൻ; ഇങ്ങനെ ക്രിസ്തുവിന്റെ ന്യായപ്രമാണം നിവർത്തിപ്പിൻ.** ഈ കല്പന വളരെ വ്യക്തമാണ്. ഇത് ഐച്ഛികമല്ല, മറിച്ച്, ദൈവത്തിന്റെ കുടുംബത്തിലുള്ള ഓരോരുത്തർക്കും നേരിട്ടുള്ള ശക്തമായ നിർദ്ദേശമാണ്. അങ്ങനെ ചെയ്യുന്നതിലൂടെ മാത്രമേ ദൈവത്തിന്റെ മക്കൾ എന്ന നിലയിൽ നമ്മുടെ വിളിക്കനുസരിച്ച് ജീവിക്കുവാൻ കഴിയൂ. മറ്റുള്ളവർ പരസ്പരം ഭാരങ്ങൾ പങ്കിട്ടതിന്റെ ഉദാഹരണങ്ങൾ കാണാൻ നമുക്ക് ഇപ്പോൾ തിരുവെഴുത്തിലേക്ക് തിരിയാം.

## ദാവീദും യോനാഥാനും!

ദാവീദും യോനാഥാനും തമ്മിലുള്ള ബന്ധം നിസ്വാർത്ഥ സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും ശ്രദ്ധേയമായ ഉദാഹരണമാണ്. താൻ ആയിരിക്കേണ്ട സ്ഥാനത്ത്, തനിക്ക് അവകാശമായ സ്ഥാനത്ത്, ദാവീദ് ഒരു ദിവസം രാജാവായി വരുമെന്ന് അറിയാമായിരുന്നിട്ടുകൂടി യോനാഥാൻ ദാവീദിനെ പൂർണ്ണ ഹൃദയത്തോടെ സ്നേഹിച്ചു. ദാവീദിനോടുള്ള അവന്റെ വിശ്വസ്തത വളരെ വലുതായിരുന്നതിനാൽ തന്റെ പിതാവായ ശൗൽ രാജാവിനെതിരെപോലും അവൻ നിലകൊണ്ടു.

1 ശമൂവേൽ 23 ൽ ശക്തമായ ഒരു സംഭവം രേഖപ്പെടുത്തിയിരിക്കുന്നു. ദാവീദ് സീഫ് മരുഭൂമിയിൽ ഒളിച്ചു പാർക്കുന്നു എന്ന് അറിവു കിട്ടിയ ശൗൽ അവനെ കൊല്ലാനായി നിരന്തരം പിന്തുടർന്നുകൊണ്ടിരുന്നു. എന്നാൽ വേദപുസ്തകം പറയുന്നു: **എങ്കിലും ദൈവം അവനെ അവന്റെ കയ്യിൽ ഏൽപ്പിച്ചില്ല** (1 ശമൂവേൽ 23:14). ദൈവം ദാവീദിനെ സംരക്ഷിക്കുകയായിരുന്നു.

പ്രീയ സ്നേഹിതരേ, എന്തൊരു ആശ്വാസകരമായ സത്യം! ദൈവം ദാവീദിനെ സംരക്ഷിച്ചുകൊണ്ടിരിക്കുകയായിരുന്നെങ്കിൽ, നാം വീഴുന്നതു കാണാൻ ആഗ്രഹിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ ശത്രുക്കളിൽനിന്നും നിശ്ചയമായും അവൻ നമ്മെ സംരക്ഷിക്കും. നാം നിരന്തരമായി ആക്രമിക്കപ്പെടുന്നതായി നമുക്ക് ചിലസമയങ്ങളിൽ തോന്നിയേക്കാം, പക്ഷെ ദൈവം നമ്മെ ശത്രുക്കളുടെ കൈകളിൽ ഏൽപ്പിക്കുകയില്ല എന്നു നാം ഓർക്കണം. നമ്മുടെ വഴികൾ ദൈവത്തിനു പ്രസാദകരമായിരിക്കുമ്പോൾ നമ്മുടെ ശത്രുക്കളെക്കൊണ്ടുപോലും നമ്മുടെ നന്മക്കായി പ്രവർത്തിപ്പിക്കുവാൻ ദൈവത്തിനു കഴിയും. ശത്രു നമ്മുടെ അടുത്താണെങ്കിലും നമ്മുടെ നിയന്ത്രണം ദൈവത്തിന്റെ കരങ്ങളിലാണ്. അവരുടെ കരങ്ങളിൽ വീണുപോകാൻ ദൈവം നമ്മെ ഒരിക്കലും അനുവദിക്കുകയില്ല.

ശൗൽ തന്നെ വേട്ടയാടുകയാണെന്നു മനസ്സിലാക്കിയ ദാവീദ് ആ സമയം ഭയത്തോടെ ജീവിക്കുകയായിരുന്നു. തന്റെ കുടുംബത്തെയും ഭാര്യമാരെയും സുഹൃത്തുക്കളെയും തന്റെ വീടിന്റെ എല്ലാ സുഖസൗകര്യങ്ങളെയും ഉപേക്ഷിച്ച് മരുഭൂമിയിൽ ഒളിച്ചു പാർക്കുമ്പോൾ അവന് ഒറ്റപ്പെടലും നിരാശയും ഉത്കണ്ഠയുമൊക്കെ തോന്നിയിരിക്കണം. ഏകാന്തത ഒരു കടുത്ത ശത്രുവാകാം, അത് നിഷേധാത്മകമായ ചിന്തകൾ വേരൂന്നാൻ അനുവദിക്കുകയും തഴച്ചുവളരുകയും ചെയ്യുന്നു. എന്നിരുന്നാലും ദാവീദിന്റെ ഏറ്റവും ഇരുണ്ട നിമിഷങ്ങളിൽപോലും ദൈവം അവനോടുകൂടെ ഉണ്ടായിരുന്നു. ആ ദൈവം നമ്മോടൊപ്പവുമുണ്ട്.

ദാവീദ് ശാരീരികമായും ആത്മീകമായും മാനസികമായും തളർന്നിരിക്കുമ്പോൾ അവനെ കാണാൻ അപ്രതീക്ഷിതമായി ഒരു അതിഥി എത്തി, ശൗലിന്റെ മകനായ യോനാഥാൻ. **അനന്തരം ശൗലിന്റെ മകനായ യോനാഥാൻ പുറപ്പെട്ടു ആ കാട്ടിൽ ദാവീദിന്റെ അടുക്കൽ ചെന്നു അവനെ ദൈവത്തിൽ ധൈര്യപ്പെടുത്തി** (1ശമൂവേൽ 23:16). ഈ വാക്യത്തിന്റെ മറ്റു ചില വിവർത്തനങ്ങൾ പരിശോധിക്കാം:

NIV: ദൈവത്തിന്റെ ശക്തി കണ്ടെത്താൻ അവനെ സഹായിച്ചു.

NLT: ദൈവത്തിലുള്ള അവന്റെ വിശ്വാസത്തിൽ ഉറച്ചുനില്ക്കുക.

KJV: അവനെ ദൈവത്തിൽ ധൈര്യപ്പെടുത്തി.

Amplified: ദൈവത്തിൽ അവനെ പ്രോത്സാഹിപ്പിച്ചു.

ചുരുക്കിപ്പറഞ്ഞാൽ, യോനാഥാൻ തന്റെ പ്രീയ സുഹൃത്ത് ദാവീദിനെ കാണാനും അവനെ ആത്മാവിൽ ബലപ്പെടുത്താനുമാണ് മരുഭൂമിയിലേക്കു പോയത്. അവന്റെ പ്രോത്സാഹനത്തിന്റെ വാക്കുകൾ ദാവീദിനെ തന്റെ ബലഹീനതയിൽ ശക്തിപ്പെടുത്തി. യോനാഥാൻ ദാവീദിനെ വൈകാരികമായി പിന്തുണക്കുക മാത്രമല്ല ചെയ്തത്, ആത്മീയമായി വരണ്ട അവസ്ഥയിൽ അവന് ദൈവത്തിന്റെ ശക്തി കണ്ടെത്തുവാൻ സഹായിക്കുകയും ചെയ്തു. യോനാഥാന്റെ വാക്കുകൾ ദാവീദിനെ ആഴത്തിൽ സ്പർശിച്ചു. 1ശമൂവേൽ 23: 17 ൽ യോനാഥാൻ ഇങ്ങനെ പറയുന്നു: **ഭയപ്പെടേണ്ട; എന്റെ അപ്പനായ ശൗലിന്നു നിന്നെ പിടികിട്ടുകയില്ല; നീ യിസ്രായേലിന്റെ രാജാവാകും; അന്നു ഞാൻ നിനക്കു രണ്ടാമനും ആയിരിക്കും; അതു എന്റെ അപ്പനായ ശൗലും അറിയുന്നു എന്നു പറഞ്ഞു.**

തന്റെ ജീവിതത്തെക്കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതിയെക്കുറിച്ചു യോനാഥാൻ ദാവീദിനു ഉറപ്പു നൽകി. സ്വന്തം പിതാവിന്റെ

6-ാം പേജിൽ തുടരും...


**നെഹെമ്യ റസിഡെൻഷ്യൽ ബൈബിൾ കോളേജ് ചെന്നൈ.**

ECHO OF HIS CALL 1969-2019 REACHING NATIONS

**അതിവേഗം അഡ്മിഷൻ നേടുവിൻ!**

**ദൈവശാസ്ത്രത്തിൽ ഡിപ്ലോമ**

**ഭാഷ : ഹിന്ദി**

**യോഗ്യത : പത്താം ക്ലാസ്സോ അതിനു മുകളിലോ**

**കഴിഞ്ഞ 55 വർഷങ്ങളായി അന്താരാഷ്ട്ര ക്രിസ്തീയ നേതാക്കളും മുതിർന്ന പാസ്റ്റർമാരും അംഗീകരിച്ചത്**

**ബന്ധപ്പെടുവിൻ : ദി ചെയർമാൻ, നെഹെമ്യ ബൈബിൾ കോളേജ്**

**10, മുഹമ്മദ് അബ്ദുള്ള 2-ാം തെരുവ്, ചെപ്പോക്ക്, ചെന്നൈ-600 005, ഇന്ത്യ**

**ഫോൺ : (91-44) 2852 8282, മൊബൈൽ : (+91) 98410 71852/95661 31858**

E-mail : sam@echoofhiscall.org / Website : www.echoofhiscall.org

✶ **ഓൺലൈൻ ക്ലാസ്സുകൾ ലഭ്യമാണ്** ✶

GREAT COMMISSION PARTNERS
ECHO OF HIS CALL MINISTRIES SINCE 1969

# പരമനിയോഗ ദൗത്യ പങ്കാളികൾ

**പങ്കിടൽ** (ഗലാത്യർ 6:2), **സഹായം** (റോമർ 12:13), **കൂടുതൽ വേഗത** (2 തിമൊഥെയോസ് 1:6)

## പ്രാർത്ഥനാ വിഷയങ്ങൾ

(ഈ കടലാസ് നിങ്ങളുടെ വേദപുസ്തകത്തിൽ വച്ച് വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവിൻ)

### സ്തോത്രത്തിനായുള്ള വിഷയങ്ങൾ

**നവംബർ 19** ⇨ 2024-25 ലെ ഒന്നാം സെമസ്റ്റർ വിജയകരമായി പൂർത്തിയാക്കി രണ്ടാം സെമസ്റ്റർ ആരംഭിക്കുവാൻ **നെഹെമ്യ ബൈബിൾ സ്കൂളിനെ** സഹായിച്ചതിനായി.

**നവംബർ 20** ⇨ ഞങ്ങളുടെ മാസിക 16 ഭാഷകളിൽ ഞങ്ങളുടെ അച്ചടിശാലയിൽ അച്ചടിക്കാനും പ്രസിദ്ധീകരിക്കാനും മിഷൻ ഫീൽഡുകളിലേക്ക് അയക്കാനും ഞങ്ങളെ പ്രാപ്തരാക്കിയതിനായി.

**നവംബർ 21** ⇨ **ബൈബിൾകോർ, തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ്** എന്നിവയെ അനുഗ്രഹിച്ചതിനായി.

**നവംബർ 22** ⇨ മുഖ്യസഭയിലെയും ശാഖാസഭകളിലെയും ഞായർ ആരാധനകൾ അനുഗ്രഹിച്ചതിനായി.

**നവംബർ 23** ⇨ വിവിധ ശുശ്രൂഷകളിലൂടെ സുവിശേഷം അറിയിക്കുവാനുള്ള സീനിയർ പാസ്റ്ററിന്റെ പ്രതിബദ്ധതക്കായി.

**നവംബർ 24** ⇨ **വിളിയുടെ പ്രതിധ്വനി** ശുശ്രൂഷയെ പിന്തുണക്കുന്ന സമർപ്പിതരായ അസ്സോസിയേറ്റ് എഡിറ്റർമാരെ നൽകി അനുഗ്രഹിച്ചതിനായി.

**നവംബർ 25** ⇨ നമ്മുടെ പ്രാർത്ഥനാ പങ്കാളികൾ, വിശ്വാസ പങ്കാളികൾ, ജീവിത പങ്കാളികൾ, പരമനിയോഗ ദൗത്യ പങ്കാളികൾ എന്നിവരോടും കുടുംബാംഗങ്ങളോടുമുള്ള ദൈവീക കരുണക്കായി.

**നവംബർ 26** ⇨ ഞങ്ങളെ സ്ഥിരമായി പിന്തുണക്കുന്നവർക്കും ശുശ്രൂഷയിൽ അവരുടെ സജീവമായ ഇടപെടലുകൾക്കുമായി.

**നവംബർ 27** ⇨ ഞങ്ങളുടെ സമർപ്പിതരായ സണ്ടേസ്കൂൾ അദ്ധ്യാപകർക്കായി.

**നവംബർ 28** ⇨ ഞങ്ങളുടെ യുട്യൂബ് ശുശ്രൂഷയുടെ ചെയർമാൻ ബ്ര. എഡ്വേർഡ് ദുരൈക്കായി.

**നവംബർ 29** ⇨ ഞങ്ങളുടെ യുട്യൂബ് ശുശ്രൂഷയിലൂടെ സുവിശേഷം എത്തിച്ചേരാത്ത ഇടങ്ങളിൽ എത്തിക്കാൻ സഹായിച്ചതിനായി.

**നവംബർ 30** ⇨ ഞങ്ങളുടെ മുഖ്യസഭയിലും ശാഖാസഭകളിലും സണ്ടേസ്കൂളിന് കൂടുതൽ കുട്ടികളെ നൽകി അനുഗ്രഹിച്ചതിനായി.

**ഡിസംബർ 01** ⇨ **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിലെയും, നെഹെമ്യ ബൈബിൾ കോളേജിലെയും** അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും നൽകിക്കൊണ്ടിരിക്കുന്ന സ്വർഗ്ഗീയ സംരക്ഷണക്കായി.

**ഡിസംബർ 02** ⇨ ഞങ്ങളുടെ അഭ്യുദയകാംക്ഷികൾ, സുഹൃത്തുക്കൾ, വയലേലകളിലെ സഹായികൾ എന്നിവർക്കായി.

**ഡിസംബർ 03** ⇨ **വിളിയുടെ പ്രതിധ്വനി**യുടെ എല്ലാ പ്രവർത്തനങ്ങളിലും ദൈവത്തിന്റെ മാർഗ്ഗനിർദ്ദേശത്തിനും അനുഗ്രഹത്തിനുമായി.

### പ്രാർത്ഥനയ്ക്കായുള്ള വിഷയങ്ങൾ

**ഡിസംബർ 04** ⇨ സീനിയർ പാസ്റ്റർ എസ്. സാം സെൽവരാജിനെയും കുടുംബത്തെയും സകല ദുഷ്ടശക്തികളിൽ നിന്നും സംരക്ഷിക്കുവാൻ.

**ഡിസംബർ 05** ⇨ നമ്മുടെ മുതിർന്ന പാസ്റ്ററുടെ ആത്മകഥയുടെ രചനയിലുള്ള ദൈവീക നടത്തിപ്പിനായി.

**ഡിസംബർ 06** ⇨ ലോകം മുഴുവനുമുള്ള പാസ്റ്റർമാരുടെയും മിഷണറിമാരുടെയും ക്രിസ്തീയ സംഘടനകളുടെയും ദൈവീക സംരക്ഷണക്കായി.

**ഡിസംബർ 07** ⇨ നമ്മുടെ മാസികയുടെ ഉപദേശക സമിതിക്കായി.

**ഡിസംബർ 08** ⇨ **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിലെയും, നെഹെമ്യ ബൈബിൾ കോളേജിലെയും** ജീവനക്കാർക്കും വിദ്യാർത്ഥികൾക്കുമായി.

**ഡിസംബർ 09** ⇨ ലോകമെമ്പാടുമുള്ള കൗമാരക്കാരുടെയും യുവാക്കളുടെയും മദ്ധ്യേയുള്ള ആത്മഹത്യാ പ്രവണത ഇല്ലാതാകുവാൻ.

**ഡിസംബർ 10** ⇨ ലോകമെമ്പാടുമുള്ള ചുഴലിക്കാറ്റുകളും പ്രകൃതി ദുരന്തങ്ങളും തടയപ്പെടുവാൻ.

**ഡിസംബർ 11** ⇨ സഭയുടെ ഉപദേശക സമിതി അംഗങ്ങൾക്കായി.

**ഡിസംബർ 12** ⇨ സ്കൂളിന്റെ ഉപദേശക സമിതി അംഗങ്ങൾക്കായി.

**ഡിസംബർ 13** ⇨ പുതിയ പകർച്ച വ്യാധികളിൽനിന്നും ലോകമെമ്പാടുമുള്ള ദൈവീക സംരക്ഷണത്തിനായി.

**ഡിസംബർ 14** ⇨ ലോകമെമ്പാടുമുള്ള ക്രിസ്തീയ ശുശ്രൂഷകളുടെ വലിയ ഉണർവ്വിനായി.

**ഡിസംബർ 15** ⇨ ലോകമെമ്പാടുമുള്ള യുദ്ധവും ഭീകരതയും ബാധിച്ച പ്രദേശങ്ങളിൽ സമാധാനവും ഐക്യവും മടങ്ങിവരുവാൻ.

**ഡിസംബർ 16** ⇨ ബൈബിൾ കോളേജിന്റെ ഉപദേശക സമിതി അംഗങ്ങൾക്കായി.

**ഡിസംബർ 17** ⇨ തെറ്റായ പഠിപ്പിക്കലുകൾ തെറ്റായ അത്ഭുതങ്ങൾ എന്നിവയിൽ നിന്നുമുള്ള ദൈവീക സംരക്ഷണക്കായി.

**ഡിസംബർ 18** ⇨ ഞങ്ങളുടെ ആശുപത്രി ശുശ്രൂഷകൾക്കായി.

... 4-ാം പേജിന്റെ തുടർച്ച

തെറ്റുകൾ അംഗീകരിക്കാൻ യോനാഥാന് എത്ര ബുദ്ധിമുട്ടായിരുന്നിരിക്കുമെന്ന് സങ്കൽപ്പിക്കുക. ശൗൽ ഒരു ശക്തനായ രാജാവായിരുന്നിട്ടുകൂടി ദൈവഹിതത്തെ തടയാൻ എത്ര ശ്രമിച്ചിട്ടും അവനു കഴിഞ്ഞില്ല. ദാവീദ് അടുത്ത രാജാവാകുമെന്ന് സമ്മതിച്ച യോനാഥാൻ ദൈവത്തിന്റെ വാഗ്ദാനത്തിന്റെ പൂർത്തീകരണം അംഗീകരിച്ചുകൊണ്ട് അവന്റെ കീഴിൽ സേവിക്കാനുള്ള സന്നദ്ധത പ്രകടിപ്പിച്ചു. മനുഷ്യന്റെയോ സാത്താന്റെയോ ഒരു പദ്ധതിക്കും ദൈവത്തിന്റെ ഉദ്ദേശ്യങ്ങൾക്കെതിരെ നിലകൊള്ളാൻ കഴിയുകയില്ല. യിരെമ്യാവ് 29:12 ൽ പറഞ്ഞിരിക്കുന്നതുപോലെ **നിങ്ങൾ പ്രത്യാശിക്കുന്ന ശുഭഭാവി വരുവാൻ തക്കവണ്ണം** ദൈവത്തിന് നമ്മെക്കുറിച്ച് ഒരു പദ്ധതിയുണ്ട്.

മറ്റുള്ളവരെ ആശ്വസിപ്പിച്ചു ധൈര്യപ്പെടുത്തുമ്പോൾ ദൈവം അവരെ ശക്തിപ്പെടുത്തുമെന്ന് ഓർമ്മിപ്പിച്ചുകൊണ്ട് തന്റെ ആശ്വാസവാക്കുകളാൽ ദാവീദിനെ ധൈര്യപ്പെടുത്തിക്കൊണ്ട് യോനാഥാൻ തന്റെ വഴിക്കു മടങ്ങിപ്പോയി. അവസാനമായി നിങ്ങൾ എപ്പോഴാണ് ആരെയെങ്കിലും ആശ്വസിപ്പിക്കുകയോ ധൈര്യപ്പെടുത്തുകയോ ചെയ്തത്? നമ്മുടെ ആശ്വാസത്തിനും ധൈര്യത്തിനുമായി പല വഴികളും നാം തേടുന്നു എങ്കിലും മറ്റുള്ളവർക്ക് ആവശ്യമുള്ളപ്പോൾ നാം അവർക്കുവേണ്ടി സമയം കണ്ടെത്താൻ ശ്രമിക്കാറില്ല. ഈ തിരക്കേറിയ ലോകത്തിൽ മറ്റുള്ളവരെ അവഗണിക്കാൻ എളുപ്പമാണ്. സാമ്പത്തിക സഹായം ആവശ്യമുള്ളപ്പോൾ പണം അയച്ചുകൊടുത്താൽ പോരാ, നാം ശാരീരികമായും വൈകാരികമായും അവരോടൊപ്പം ഉണ്ടാകേണ്ടത് പ്രധാനമാണ്.

## ബർസില്ലായി !

പ്രായം വെറും ഒരു സംഖ്യയാണെന്ന് വ്യക്തമായി തെളിയിച്ച വേദപുസ്തകത്തിലെ പ്രചോദനാത്മക കഥാപാത്രമാണ് ബർസില്ലായി. 2 ശമൂവേൽ 19:32 ൽ ഇപ്രകാരം പറയുന്നു:

**ബർസില്ലായിയോ എൺപതു വയസ്സുള്ളോരു വയോധികനായിരുന്നു; രാജാവ് മഹാനയീമിൽ പാർത്തിരുന്നകാലത്ത് അവൻ ഭക്ഷണസാധനങ്ങൾ അയച്ചുകൊടുത്തു; അവൻ മഹാധനികൻ ആയിരുന്നു.**

ദാവീദ് തന്റെ മകനെ ഭയന്ന് മരുഭൂമിയിലൂടെ തന്റെ ആളുകളോടൊപ്പം പലായനം ചെയ്യുമ്പോൾ അവർക്കു ഭക്ഷണവും മറ്റു വിഭവങ്ങളും ആവശ്യമായിരുന്നു. അപ്പോഴാണ് 80 വയസ്സുള്ള ധനികനായ ബർസില്ലായിയെ കണ്ടുമുട്ടുന്നത്. അദ്ദേഹം ദാവീദിന്റെയും അനുയായികളുടെയും ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുവാൻ മുൻകൈയെടുത്തു. മഹനയീമിൽ താമസിക്കുന്ന കാലത്ത് അദ്ദേഹം ദാവീദിനും അനുയായികൾക്കും ഭക്ഷണം നൽകി.

ലിംഗഭേദം, വംശം, പ്രായം എന്നിവയാൽ ദയാപ്രവൃത്തികൾ പരിമിതപ്പെടുന്നില്ലെന്ന് ഈ സംഭവം വ്യക്തമാക്കുന്നു. മറ്റുള്ളവരുടെ ഭാരം വഹിക്കാൻ ആർക്കുവേണമെങ്കിലും സാധിക്കും. പക്ഷെ, അതിന് സന്നദ്ധതയും അനുകമ്പയുമുള്ള ഹൃദയമാണ് ആവശ്യം. തന്നോടു കാണിച്ച ദയക്കു പ്രതിഫലമായി ബർസില്ലായിയെ ദാവീദ് തന്നോടൊപ്പം കൊണ്ടുപോകാനുള്ള ആഗ്രഹം പ്രകടിപ്പിച്ചുകൊണ്ട് വാഗ്ദാനം നൽകി എങ്കിലും പിന്നിൽ നിൽക്കാനുള്ള തീരുമാനം പ്രകടിപ്പിച്ചുകൊണ്ട് ആ ക്ഷണം നിരസിക്കുകയാണ് ചെയ്തത്. ദാവീദിനോടും കൂട്ടാളികളോടുമുള്ള അദ്ദേഹത്തിന്റെ സ്നേഹവും കരുതലും സ്വാർത്ഥമായ ഉദ്ദേശ്യങ്ങളൊന്നുമില്ലാത്തതായിരുന്നു എന്ന് ഇതിൽനിന്നും മനസ്സിലാക്കാവുന്നതാണ്. ദാവീദിന്റെ വേദനയിലും പോരാട്ടത്തിലും പങ്കുചേരാനായി അവിടെ ഒപ്പം ഉണ്ടായിരിക്കാൻ മാത്രമാണ് അദ്ദേഹം ആഗ്രഹിച്ചത്.

## യേശു !

നിസ്വാർത്ഥ സ്നേഹത്തിന് യേശുക്രിസ്തുവിനേക്കാൾ വലിയ ഉദാഹരണം നൽകാനില്ല. അവൻ നമ്മെ ആഴത്തിൽ സ്നേഹിച്ചതിനാൽ സ്വർഗ്ഗീയ മഹിമയും സിംഹാസനവുമെല്ലാം ഉപേക്ഷിച്ച് നമ്മുടെ പാപങ്ങൾക്കുവേണ്ടി കുരിശിൽ മരിക്കാൻ തയ്യാറായി. നമ്മെ ശ്രേഷ്ഠരാക്കാൻ അവൻ താണിറങ്ങി എന്ന് സങ്കീർത്തനം 18:35 ൽ പറയുന്നു. നാം അനുഗ്രഹിക്കപ്പെടാൻ യേശു തന്നെത്താൻ താഴ്ത്തി ശാപമായിത്തീർന്നു. നാം തലയുയർത്തി നടക്കാൻ അവൻ നമ്മുടെ നിന്ദയെല്ലാം വഹിച്ചു. അവന്റെ ത്യാഗത്തിലൂടെ പാപമോചനവും നിത്യജീവൻ എന്ന വലിയ സമ്മാനം ലഭിച്ചു. **ഞാൻ നിന്നെ ഒരുനാളും കൈവിടുകയില്ല, ഉപേക്ഷിക്കയുമില്ല** (എബ്രായർ 13:5) എന്ന് അവൻ വാഗ്ദത്തം ചെയ്യുന്നു. **അവൻ എന്നോടു പറ്റിയിരിക്കയാൽ ഞാൻ അവനെ വിടുവിക്കും; അവൻ എന്റെ നാമത്തെ അറികയാൽ ഞാൻ അവനെ ഉയർത്തും. അവൻ എന്നെ വിളിച്ചപേക്ഷിക്കും; ഞാൻ അവന്നു ഉത്തരമരുളും; കഷ്ടകാലത്തു ഞാൻ അവനോടുകൂടെ ഇരിക്കും; ഞാൻ അവനെ വിടുവിച്ചു മഹത്വപ്പെടുത്തും** (സങ്കീർത്തനങ്ങൾ 91:14,15) എന്നു കർത്താവ് പ്രഖ്യാപിക്കുന്നു.

കഷ്ടതയുടെ മദ്ധ്യേ അവൻ നമ്മോടുകൂടെ ഉണ്ടായിരിക്കുമെന്നു ദൈവം ഉറപ്പു നൽകുന്നതോടൊപ്പം നമ്മുടെ ഭാരങ്ങൾ അവനുമായി പങ്കിടുവാനും യേശു നമ്മെ ക്ഷണിക്കുന്നു (മത്തായി 11:28-30).

**അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും. ഞാൻ സൌമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ എന്റെ നുകം ഏറ്റുകൊണ്ടു എന്നോടു പഠിപ്പിൻ; എന്നാൽ നിങ്ങളുടെ ആത്മാക്കൾക്കു ആശ്വാസം കണ്ടെത്തും. എന്റെ നുകം മൃദുവും എന്റെ ചുമടു ലഘുവും ആകുന്നു.**

9-ാം പേജിൽ തുടരും...

ECHO OF HIS CALL 1969-2019 GOLDEN JUBILEE REACHING NATIONS

നെഹെമ്യ സായാഹ്ന ബൈബിൾ കോളേജ്
ചെപ്പോക്ക് & സന്തോഷപുരം,ചെന്നൈ.
അതിവേഗം അഡ്മിഷൻ നേടുവിൻ! ഭാഷ : തമിഴ്
യോഗ്യത : പത്താം ക്ലാസ്സോ അതിനു മുകളിലോ
ദൈവശാസ്ത്രത്തിൽ ഡിപ്ലോമ
കഴിഞ്ഞ 55 വർഷങ്ങളായി അന്താരാഷ്ട്ര ക്രിസ്തീയ നേതാക്കളും മുതിർന്ന പാസ്റ്റർമാരും അംഗീകരിച്ചത്
ബന്ധപ്പെടുവിൻ : ദി ചെയർമാൻ, നെഹെമ്യ ബൈബിൾ കോളേജ്
10, മുഹമ്മദ് അബ്ദുള്ള 2-ാം തെരുവ്, ചെപ്പോക്ക്, ചെന്നൈ-600 005, ഇന്ത്യ
ഫോൺ : (91-44) 2852 8282, മൊബൈൽ : (+91) 98410 71852/95661 31858
E-mail : sam@echoofhiscall.org / Website : www.echoofhiscall.org

## നമ്മുടെ ആസ്ഥാന കാര്യാലയത്തിലെ ശുശ്രൂഷകൾക്കുവേണ്ടി പ്രാർത്ഥിക്കുക

| | | |
|---|---|---|
| 01. | പ്രാർത്ഥന സഹായങ്ങൾ | – 24 മണിക്കൂർ |
| 02. | ബൈബിൾ കറസ്പോണ്ടൻസ് | – ബൈബിൾകോർ – തമിഴ്, ഇംഗ്ലീഷ്, ഹിന്ദി (കോഴ്സുകൾ) |
| 03. | വിളിയുടെ പ്രതിധ്വനി | – മാസികകൾ<br>തമിഴ്, ഇംഗ്ലീഷ്, മലയാളം, തെലുങ്ക്, ഹിന്ദി, കന്നട, മറാത്തി, ബംഗാളി, ആസാമീസ്, ഗുജറാത്തി, ഉറുദു, പഞ്ചാബി, നേപ്പാളി, ഒറിയ, സിംഹളം, ആഫ്രിക്കൻ |
| 04. | നെഹെമ്യ ബൈബിൾ കോളേജ് | – രണ്ടു കേന്ദ്രങ്ങൾ (സായാഹ്നം, റെസിഡൻഷ്യൽ) |
| 05. | വേദശാസ്ത്ര വിദൂര പഠന കേന്ദ്രം | – ഇംഗ്ലീഷ്, തമിഴ് |
| 06. | പരമനിയോഗ ദൗത്യ പങ്കാളികൾ | – പാസ്റ്റർമാരുടെ ചങ്ങല |
| 07. | ട്രെയിനിംഗ് പരിപാടികൾ | |
| 08. | ക്രൂസേഡുകൾ | |
| 09. | കൈപ്രതി പ്രവർത്തനങ്ങൾ, ലഘുലേഖ വിതരണം | |
| 10. | സുവിശേഷ പ്രസിദ്ധീകരണ പ്രസ്സ് | – പ്രസിദ്ധീകരണങ്ങൾ |
| 11. | സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്ക്കൂൾ | – ഗ്രാമീണ ഇംഗ്ലീഷ് വിദ്യാലയം |
| 12. | സണ്ടേസ്ക്കൂൾ | – ഞായർ രാവിലെ 8.30, വൈകുന്നേരം 4.00 മണി |
| 13. | തമിഴ് ആരാധന | – രാവിലെ 8.00, ഞായർ രാവിലെ 10.00 മണി |
| 14. | തെലുങ്ക് ആരാധന | – ഞായർ വൈകുന്നേരം 5.00 മണി |
| 15. | ഹിന്ദി ആരാധന | – ഞായർ വൈകുന്നേരം 4.00 മണി |
| 16. | ഇംഗ്ലീഷ് – തമിഴ് ആരാധന | – ഞായർ വൈകുന്നേരം 6.00 മണി |
| 17. | സ്ത്രീകളുടെ പ്രാർത്ഥനായോഗം | – ബുധൻ വൈകുന്നേരം 5.30 മണി |
| 18. | പുരുഷന്മാരുടെ യോഗം | – വെള്ളി വൈകുന്നേരം 7.00 മണി |
| 19. | ശിഷ്യത്വ യോഗം | – ശനി വൈകുന്നേരം 6.00 മണി |
| 20. | ഭവന കൂട്ടായ്മ | – ചൊവ്വ, വ്യാഴം വൈകുന്നേരം 6.30 മണി |
| 21. | പ്രത്യേക കർത്തൃമേശ | – എല്ലാ മാസവും ആദ്യ ദിവസം രാവിലെ 6.00 മണി |
| 22. | സുവിശേഷകരുടെ അവലോകനം | – ആദ്യ ശനി വൈകുന്നേരം 5.30 മണി |
| 23. | രക്ഷിതാക്കളുടെ പ്രാർത്ഥന | – ആദ്യ ശനി വൈകുന്നേരം 4.00 മണി |
| 24. | രാത്രി പ്രാർത്ഥന | – രണ്ടാം വെള്ളി രാത്രി 9.30 മണി |
| 25. | ഉപവാസ പ്രാർത്ഥന | – ആദ്യ ശനി രാവിലെ 9.30 മണി |
| 26. | കർത്തൃമേശ | – രണ്ടാം ഞായർ ആരാധനയോടൊപ്പം |
| 27. | യുവാക്കൾക്കും കുട്ടികൾക്കുമുള്ള പ്രാർത്ഥന | – ദിവസവും രാത്രി 10.00 മണി |
| 28. | ജീവനക്കാരുടെ ധ്യാനം | – ദിവസവും രാവിലെ 9.00 മണി |
| 29. | ഓഫീസ് | – രാവിലെ 9 മുതൽ രാത്രി 9 വരെ (ഞായർ ഒഴികെ) |

## *വിളിയുടെ പ്രതിധ്വനി തപാൽ കോഴ്സുകൾ*

### *1. ബൈബിൾകോർ*

വേദപുസ്തകത്തിലെ പ്രാഥമിക സത്യങ്ങൾ ക്രിസ്ത്യാനികൾക്കും അക്രൈസ്തവർക്കുമായി തപാൽ കോഴ്സുകൾ ഇംഗ്ലീഷ് (57 പേജുകൾ), ഹിന്ദി (76പേജുകൾ), തമിഴ് (96 പേജുകൾ) എന്നീ ഭാഷകളിൽ ഞങ്ങൾ ചെയ്യുന്നു. പുതിയ ജീവിതം-നിങ്ങൾക്ക് എന്ന കോഴ്സ് ബുക്ക് ലഭിക്കുന്നതാണ്. കോഴ്സ് പൂർത്തിയാക്കുമ്പോൾ സർട്ടിഫിക്കേറ്റ് ലഭിക്കുന്നു. നിർബന്ധ ഫീസ് ഇല്ല. നിങ്ങൾ അനുഗ്രഹിക്കപ്പെടും.

### *2. തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ്*

തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ് എന്ന പേരിലുള്ള ആധുനിക വിദൂര വിദ്യാഭ്യാസം ഇംഗ്ലീഷ് (537 പേജുകൾ), തമിഴ് (652 പേജുകൾ) എന്നീ ഭാഷകളിൽ സുവിശേഷ പ്രവർത്തനത്തിന് താല്പര്യമുള്ള പാസ്റ്റർമാർ, സുവിശേഷകർ, ക്രിസ്തീയ നേതാക്കൾ, സാധാരണ ജനങ്ങൾ എന്നിവർക്ക് ലഭ്യമാണ്. ഫീസ് 1000/–രൂപ. 149 അദ്ധ്യായങ്ങളുള്ള 7 ബുക്കുകൾ തരുന്നതാണ്. സർട്ടിഫിക്കേറ്റ് ഇൻ മിനിസ്ട്രി ലഭിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കും.

*കൂടുതൽ വിവരങ്ങൾക്ക് എഴുതുവിൻ.*

ചെയർമാൻ, നെഹെമ്യ ബൈബിൾ കോളേജ്,
വിളിയുടെ പ്രതിധ്വനി, പോസ്റ്റ് ബോക്സ് 2957,
ചെപ്പോക്ക്, ചെന്നൈ – 600 005.
ഫോൺ: (044) 28528282, 28529293, 28547766,
മൊബൈൽ: 9841071852, 9566131858
E.mail : biblecor@yahoo.co.in

## വിളിയുടെ പ്രതിധ്വനി
### മാസിക സൗജന്യമായി ലഭിക്കുവാനുള്ള സുവർണ്ണാവസരം

നിങ്ങളുടെ സ്നേഹിതരുടെയോ ബന്ധുക്കളുടെയോ വിലാസം തപാൽ, കത്ത്, ഇ-മെയിൽ, വാട്ട്സ്ആപ്, ഫോൺ ഇവയിൽ ഏതെങ്കിലുമൊന്നിലൂടെ ഞങ്ങളെ അറിയിക്കുകയാണെങ്കിൽ **വിളിയുടെ പ്രതിധ്വനി** മാസിക സൗജന്യമായി അവരുടെ വിലാസത്തിൽ ഞങ്ങൾ അയച്ചു കൊടുക്കുന്നതാണ്.

## നികുതി ഇളവ്

"ECHO OF HIS CALL EDUCATIONAL TRUST" ന് വ്യക്തിയോ സംഘടനയോ നൽകുന്ന സംഭാവനകൾ വരുമാന നികുതി ആക്ട് 80 ജി പ്രകാരം നികുതി ഇളവിന് അർഹമാണ്. ഇതിന് ഔദ്യോഗിക രസീത് നൽകുന്നതാണ്. ഇത്തരം സംഭാവനകൾക്കുള്ള പണച്ചീട്ട്, ഡ്രാഫ്റ്റ് എന്നിവ എക്കോ ഓഫ് ഹിസ് കോൾ എഡ്യൂക്കേഷണൽ ട്രസ്റ്റ് എന്ന പേരിൽ എടുത്ത് ഞങ്ങൾക്ക് അയച്ചുതരിക.

| | | |
|---|---|---|
| Account Name | : | ECHO OF HIS CALL EDUCATIONAL TRUST |
| Account Number | : | 1023 2923 805 |
| Bank Name | : | STATE BANK OF INDIA |
| Branch | : | TRIPLICANE, CHENNAI - 600 005 |
| IFSC Code | : | SBIN 0000249 |
| SWIFT Code | : | SBI NIN BB 455 |



# കുടിലിൽ നിന്നും കൊട്ടാരത്തിലേക്ക്

## PIT TO PALACE

(പാസ്റ്റർ എസ്. സാം സെൽവരാജിന്റെ ജീവിതാനുഭവങ്ങൾ)

"വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ" (മത്തായി 24:15)



## പെൻസിൽ പായയുടെ ഒരു പഴയ കഥ!

**ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക; അവൻ വൃദ്ധനായാലും അതു വിട്ടുമാറുകയില്ല** - സദൃശ്യവാക്യങ്ങൾ 22:6

ഗ്രാമത്തിലെ ഗവൺമെന്റ് സ്കൂളിൽ നിന്നും 5-ാം ക്ലാസ് പാസ്സായി മറ്റൊരു ഹൈസ്കൂളിൽ ചേർന്ന ഞാൻ ആദ്യമായി ഇംഗ്ലീഷ് അക്ഷരമാല പഠിക്കാൻ തുടങ്ങി. ചേർന്ന ദിവസം തന്നെ അടുത്ത ദിവസം വരുമ്പോൾ ഒരു **നോട്ടുബുക്കും പെൻസിലും** കൊണ്ടുവരാൻ ടീച്ചർ പറഞ്ഞു. എന്റെ പിതാവ് സ്ഥലത്തില്ലാത്തതിനാൽ എന്റെ ഈ ആവശ്യം ഞാൻ അമ്മയോടു പറഞ്ഞു. ഒരു നോട്ടുബുക്ക് സംഘടിപ്പിക്കുവാൻ അവർക്കു കഴിഞ്ഞു എങ്കിലും പെൻസിൽ വാങ്ങുവാൻ കഴിഞ്ഞില്ല. ഈ ആവശ്യം അടുത്തുള്ള ബന്ധുക്കളോട് പറയുവാൻ താല്പര്യമില്ലാത്തതിനാൽ അവരുടെ നിസ്സഹായാവസ്ഥ എന്നോട് പറയുകയും പെൻസിലിനായി ദൈവത്തോട് പ്രാർത്ഥിക്കുവാൻ പറയുകയും ചെയ്തു.

അമ്മ പറഞ്ഞതുപോലെ ഒരു പെൻസിൽ തരാനായി ദൈവത്തോടു പ്രാർത്ഥിച്ചുകൊണ്ട് ഉറങ്ങാൻ പോയി. അടുത്ത ദിവസം പ്രഭാതം വരെ ദൈവം എനിക്കു പെൻസിൽ തന്നില്ല. അതിനാൽ എനിക്കു പെൻസിൽ ഇല്ലാതെ സ്കൂളിൽ പോകേണ്ടിവന്നു. മറ്റെല്ലാ കുട്ടികളും പെൻസിൽ കൊണ്ടുവന്നതിനാൽ ടീച്ചറുടെ ആജ്ഞ ലംഘിച്ച ഒരേ ഒരു വിദ്യാർത്ഥി ഞാനായിരുന്നു. അതിനാൽ ടീച്ചർ എന്നിൽ തൃപ്തനായിരുന്നില്ല. അടുത്ത ദിവസം പെൻസിൽ ഇല്ലാതെ സ്കൂളിൽ വരരുത് എന്ന് ടീച്ചർ പറഞ്ഞു.

ഞാൻ വീട്ടിൽ വന്നപ്പോൾ ടീച്ചർക്കുള്ള അനിഷ്ടത്തെക്കുറിച്ച് അമ്മയോടു പറഞ്ഞു. അമ്മ പുഞ്ചിരിച്ചുകൊണ്ട് രണ്ടാം ദിവസവും പ്രാർത്ഥിക്കുവാൻ പറഞ്ഞു. കൂടാതെ പെൻസിൽ വന്നുകൊണ്ടിരിക്കുകയാണെന്നും പറഞ്ഞു. ഞാൻ അങ്ങനെ ചെയ്തു എങ്കിലും ഒന്നും സംഭവിച്ചില്ല. അതുകൊണ്ട് വെറും കൈയ്യോടെ സ്കൂളിൽ പോകേണ്ടിവന്നു. ടീച്ചർ ചോദിച്ചപ്പോൾ, പെൻസിലിനുവേണ്ടി ഞാൻ ദൈവത്തോടു പ്രാർത്ഥിച്ചിട്ടുണ്ടെന്നും പെൻസിൽ വന്നുകൊണ്ടിരിക്കുന്നു എന്ന് അമ്മ പറഞ്ഞതായും പറഞ്ഞു. ടീച്ചർ പ്രകോപിതയായി എന്നോടും അമ്മയുടെ മനോഭാവത്തോടും ദേഷ്യപ്പെട്ടു. പെൻസിൽ ഇല്ലാതെ നാളെ സ്കൂളിൽ വരരുതെന്ന് അവർ താക്കീതു ചെയ്തു.

വളരെ സങ്കടത്തോടെ ഈ വിവരം അമ്മയോടു പറഞ്ഞു. **പെൻസിലിനു വേണ്ടിയുള്ള പ്രാർത്ഥന** ദൈവം കേട്ടതിന് നന്ദി പറയാൻ അമ്മ പറഞ്ഞു. അർദ്ധരാത്രി വരെ ഞാൻ കർത്താവിനോടു നന്ദി പറഞ്ഞു. പെൻസിൽ ഇല്ലാതെ ഞാൻ നാളെ സ്കൂളിൽ പോയാലുണ്ടാകാവുന്ന കഷ്ടപ്പാടുകളും ശിക്ഷയും ഓർത്തപ്പോൾ ഉറങ്ങാൻ കഴിഞ്ഞില്ല.



എന്നെ അത്ഭുതപ്പെടുത്തിക്കൊണ്ട് അർദ്ധരാത്രിയിൽ ആരോ കതകിൽ മുട്ടുന്നതു കേട്ടു. വീട്ടിൽ മുതിർന്ന പുരുഷന്മാരില്ലെന്നു മനസ്സിലാക്കി കള്ളന്മാരായിരിക്കുമെന്നും മിണ്ടാതെ കിടന്നുറങ്ങാനും അമ്മ പറഞ്ഞു.

അപ്പോൾ അമ്മയുടെ പേര് ജനലിലൂടെ വിളിക്കുന്ന ശബ്ദം കേട്ടു. അത് ഏകദേശ 70 കിലോമീറ്റർ അകലെ, പാളയംകോട്ടയിൽ പോലീസ് ഓഫീസറായി ജോലി ചെയ്യുന്ന ഞങ്ങളുടെ അങ്കിൾ ശ്രീ. സെൽവമണി ആയിരുന്നു. സന്തോഷത്തോടെ ഞങ്ങൾ വാതിൽ തുറന്നു. സാധാരണ ചെയ്യുന്നതുപോലെ അദ്ദേഹം എനിക്ക് ബിസ്ക്കറ്റ്, മിഠായി, തുണികൾ തുടങ്ങിയ സമ്മാനങ്ങൾ തന്നു. ഒരു പ്രത്യേക സമ്മാനപ്പെട്ടി തുറന്നപ്പോൾ അതിനകത്ത് മറ്റൊരു പെട്ടി കണ്ടു. ആകാംക്ഷയോടെ ആ പെട്ടി തുറന്നപ്പോൾ അതു മുഴുവനും വിലയേറിയ പെൻസിലുകളായിരുന്നു (അന്നത്തെ ഏറ്റവും വില കൂടിയ പെൻസിൽ ആയിരുന്നു നടരാജ് പെൻസിൽ). പെട്ടിയിൽ 24 പെൻസിലുകളുണ്ടായിരുന്നു.

യേശുക്രിസ്തു എന്റെ പ്രാർത്ഥന കേൾക്കുക മാത്രമല്ല, അതിന് ഉത്തരം നൽകുകയും ചെയ്തു എന്ന് ഓർത്ത് ഞാൻ തുള്ളിച്ചാടുകയായിരുന്നു. എനിക്ക് ആ രാത്രി മുഴുവനും ഉറങ്ങാൻ കഴിഞ്ഞില്ല.

അടുത്ത പ്രഭാതത്തിൽ ഞാൻ വില കൂടിയ ഈ 24 പെൻസിലിന്റെ പെട്ടിയുമായി സ്കൂളിൽ പോയി. മറ്റു കുട്ടികളെല്ലാം ഒരു പെൻസിൽ മാത്രമാണ് കൊണ്ടുവന്നത്. പരുഷമായ മുഖത്തോടെ ടീച്ചർ എന്റെ അടുക്കൽ വന്ന് കാര്യം അന്വേഷിച്ചു. ഇന്നലെ മുതൽ എന്റെ അടുക്കൽ വന്നുകൊണ്ടിരുന്ന പെൻസിൽ അത്ഭുതകരമായി രാത്രി വന്നു ചേർന്നു എന്ന് ഞാൻ പറഞ്ഞു. അവർ വളരെ സന്തോഷത്തോടെ എന്റെ മുതുകിൽ തലോടിക്കൊണ്ട് ജീവനുള്ള ദൈവം ഉണ്ട് എന്ന് എല്ലാവരോടും പ്രഖ്യാപിച്ചു. യേശുക്രിസ്തു എന്നാണ് അവന്റെ പേര്.

പ്രീയ വായനക്കാരാ, ഇത് എനിക്ക് ഒൻപതു വയസ്സുള്ളപ്പോൾ സംഭവിച്ചതാണ്. എങ്കിലും അത് എന്റെ മനസ്സിൽ മായാതെ കിടക്കുന്നു. എനിക്ക് പെൻസിലുകൾ തന്ന ദൈവം ഇന്നും

ജീവിക്കുന്നു. **അവൻ ഇന്നലെയും ഇന്നും എന്നെന്നേക്കും അനന്യൻ തന്നെ** (എബ്രായർ 13:8). അതിനാൽ ഒരു ചെറിയ പായ ഞാൻ എന്റെ മുറിയിൽ ഇപ്പോഴും സൂക്ഷിക്കുന്നു. ഞാൻ അതിനെ **പെൻസിൽ പായ എന്നാണ് പേർ ഇട്ടിരിക്കുന്നത്. എന്റെ തിരക്കു പിടിച്ച പരിപാടികളുടെ മദ്ധ്യേയും അതിരാവിലെ ഞാൻ പെൻസിൽ പായയിൽ മുട്ടുകുത്തി എന്റെ എല്ലാ ആവശ്യങ്ങളും അതേ ദൈവത്തിന്റെ മുമ്പിൽ സമർപ്പിച്ചു പ്രാർത്ഥിക്കുന്നു. ദിവസവും മൂന്നു നേരമെങ്കിലും ഞാൻ ഇങ്ങനെ പ്രാർത്ഥിക്കാറുണ്ട്. ഈ പെൻസിൽ പായയിലൂടെ എനിക്ക് സൂചി മുതൽ അനേകം മിനി ബസ്സുകൾ, വലുതും ചെറുതുമായ കെട്ടിടങ്ങൾ എന്നിവ ദൈവത്തിൽനിന്നും ലഭിച്ചിട്ടുണ്ട്. അതിനാൽ ഇങ്ങനെ ഒരു പരിസമാപ്തിയിലേക്ക് ഞാൻ എത്തിച്ചേർന്നു: വേദപുസ്തകം വഹിക്കുന്ന കരങ്ങളും മുട്ടുകുത്തി പ്രാർത്ഥിക്കുന്ന കാലുകളും ഉണ്ടെങ്കിൽ ഒരിക്കലും പരാജയം അനുഭവിക്കുകയില്ല.**

കഴിഞ്ഞ 53 വർഷത്തെ എന്റെ ശുശ്രൂഷാ ജീവിതത്തിൽ ഒരിക്കൽ പോലും പണം സമാഹരിക്കുന്നതിലേക്കായി ഒരു പരിപാടി നടത്തുകയോ വീടുകൾ കയറിയിറങ്ങി പണം പിരിക്കുകയോ സാധനങ്ങൾ ശേഖരിക്കുകയോ ചെയ്തിട്ടില്ല. എന്റെ ബഹുമുഖമായ ശുശ്രൂഷകൾക്കായി ഞാൻ പെൻസിൽ പായയിൽ മുട്ടുകുത്തി ദൈവത്തോടു യാചിക്കുകയും നേടുകയും ചെയ്യുന്നു.

"**എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു**" (ഫിലിപ്പിയർ 4:13).

****************************************

...06-ാം പേജിന്റെ തുടർച്ച

നാം അവന്റെ അടുത്തേക്കു വരുന്നതിനും നമ്മുടെ ആശങ്കകളും വേദനകളും പരാജയങ്ങളും ഭയങ്ങളും ഉപേക്ഷിക്കുന്നതിനും തയ്യാറായി അവൻ കാത്തിരിക്കുന്നു. നിങ്ങൾ ഇന്ന് അവന്റെ അടുക്കൽ വന്ന് നിങ്ങളുടെ ഭാരങ്ങൾ പങ്കിടുവാൻ അനുവദിക്കുമോ?

യേശുക്രിസ്തു നമ്മുടെ ഭാരങ്ങൾ വഹിക്കുകയും നമ്മുടെ സഭ എന്ന കുടുംബത്തിന്റെ പ്രാർത്ഥനയും പിന്തുണയും ഉണ്ടെങ്കിൽ, മറ്റുള്ളവരുടെ ജീവിതത്തിൽ മറ്റൊരു യോനാഥാൻ ആകുവാനുള്ള വഴികൾ നമുക്ക് അന്വേഷിക്കാം.

## 1. മറ്റുള്ളവർക്കായി പ്രാർത്ഥിക്കുക!

പ്രാർത്ഥന ശക്തമായ ഒരു ഉപകരണമാണ്. നമുക്ക് പരസ്പരം പ്രാർത്ഥിക്കാൻ സാധിക്കും. ആരെങ്കിലും പാപവുമായി മല്ലിടുന്നത് നിങ്ങൾ കാണുകയാണെങ്കിൽ, അവരെ വിമർശിക്കുന്നതിനുപകരം അവർക്കുവേണ്ടിയും അവരോടൊപ്പവും പ്രാർത്ഥിപ്പിൻ. അവരോടുകൂടെ നടക്കുവിൻ. നിങ്ങൾ ആരോടെങ്കിലും അസന്തുഷ്ടരാണെങ്കിൽ മറ്റുള്ളവരോട് അവരെക്കുറിച്ച് പറയുന്നതിനുപകരം അവർക്കുവേണ്ടി പ്രാർത്ഥിപ്പിൻ.

## 2. ശ്രവിക്കുക!

ചിലപ്പോൾ കേൾവിക്കാരായിട്ട് നമുക്ക് ആളുകളെ ആവശ്യമുണ്ട്. പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കാനോ ഉപദേശം നൽകുവാനോ അല്ല, വെറും കേൾവിക്കാരായി മാത്രം ആയിരിക്കുവാനാണ്. മുൻവിധിയില്ലാതെ കേൾക്കുവിൻ. അത് ഒരു കുടുംബാംഗമോ സുഹൃത്തോ അല്ലെങ്കിൽ നിങ്ങൾക്കു വേദന ഉണ്ടാക്കിയ ഒരാളോ ആകാം. ജനത്തിന് ഏറ്റവും ആവശ്യമുള്ള സമയത്ത് നല്ല ഒരു ശ്രോതാവായിരിക്കുവിൻ.

## 3. ആവശ്യങ്ങളിൽ സഹകരിക്കുക!

പ്രവൃത്തിയിലൂടെ വിശ്വാസം പ്രകടമാക്കണമെന്ന് യാക്കോബ് നമ്മെ പഠിപ്പിക്കുന്നു. പ്രാർത്ഥനയും ശ്രദ്ധയും മാത്രം പോര; മറ്റുള്ളവരുടെ ആവശ്യങ്ങൾ നിറവേറ്റാൻ സഹായിക്കുന്നതിന് നാം പ്രായോഗിക മാർഗ്ഗങ്ങൾ കണ്ടെത്തണം. ഇതിൽ എപ്പോഴും പണം ആവശ്യമില്ല, നമ്മുടെ കഴിവുകളും വൈദഗ്ധ്യവും അറിവും ഉപയോഗിച്ച് മറ്റുള്ളവരെ പിന്തുണക്കുവാനും നയിക്കുവാനും സാധിക്കും.

## 4. സാങ്കേതികവിദ്യ!

ഒരു ഉദ്ദേശ്യത്തോടുകൂടി സാങ്കേതികവിദ്യ ഉപയോഗിക്കുക. പ്രയാസകരമായ സമയങ്ങളിലൂടെ കടന്നുപോകുന്ന ഒരാൾക്ക് പ്രോത്സാഹജനകമായ ഒരു വാക്കോ ഒരു ശബ്ദസന്ദേശമോ അയക്കുവിൻ. നിങ്ങൾക്ക് അവരുടെ അടുക്കൽ ശാരീരികമായി പോകാൻ സാധിക്കുകയില്ല എങ്കിൽ ഒരു പ്രാർത്ഥനയോ ഉത്തേജിപ്പിക്കുന്ന സന്ദേശമോ അയക്കുക, നിങ്ങളുടെ വാക്കുകൾക്ക് ശക്തമായ സ്വാധീനം ഉണ്ടാക്കുവാൻ കഴിയും. കഷ്ടപ്പെടുന്നവരെ ഉയർത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി ബൈബിൾ വാക്യമോ ലളിതമായ സന്ദേശമോ പങ്കിടുവിൻ.

## 5. സഭാജനങ്ങൾക്ക് കരുതൽ!

നിങ്ങളുടെ സഭയുടെ ക്ഷേമം പരിശോധിക്കുന്നത് ഒരു ശീലമാക്കുക. പള്ളിയിൽ വരാതെ ആരെങ്കിലും ആയിരിക്കുന്നതു ശ്രദ്ധയിൽ പെട്ടാൽ അവരെ വിളിച്ച് കാര്യം അന്വേഷിക്കുന്നത് ശീലമാക്കുക. അവരുടെ ആവശ്യം എന്താണെന്നും മറ്റും മനസ്സിലാക്കി ഞാൻ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കട്ടെയോ എന്നും നിങ്ങൾക്ക് എന്തെങ്കിലും സഹായം എന്നെക്കൊണ്ട് ചെയ്യാൻ സാധിക്കുമോ എന്നും ചോദിക്കുവിൻ. നമ്മുടെ സഹോദരിമാർക്കും സഹോദരന്മാർക്കും, തങ്ങൾ ഒരു കുടുംബത്തിന്റെ ഭാഗമാണെന്നു അറിയാമെന്നത് ഉറപ്പാക്കുക.

## 6. സേവിക്കുക!

അവസാനമായി, യേശു ചെയ്തതുപോലെ, നിങ്ങൾക്കു കഴിയുന്ന വിധത്തിൽ മറ്റുള്ളവരെ സേവിക്കുവാൻ തയ്യാറാകുവിൻ. സേവിക്കുവാനുള്ള സാദ്ധ്യതകൾ അനന്തമാണ്. എന്നാൽ പരസ്പരം ഭാരങ്ങൾ പങ്കുവയ്ക്കുവാനും ദൈവമക്കളെന്ന നിലയിലുള്ള നമ്മുടെ വിളി അനുസരിച്ച് ജീവിക്കാനുമുള്ള വഴികൾ കണ്ടെത്തുക എന്നതാണ് ഏറ്റവും പ്രധാനം.

***********************


**ആവശ്യമുണ്ട്**

**പ്രിൻസിപ്പാൾ**

**ക്രിസ്തീയ മെട്രിക്കുലേഷൻ വിദ്യാലയം, ചെന്നൈ**

**നല്ല യോഗ്യതയുള്ളവരും പരിചയസമ്പന്നരും അർപ്പണബോധമുള്ളവരും കഠിനാധ്വാനികളും ലക്ഷ്യബോധമുള്ളവരുമായ ക്രിസ്ത്യാനികളെയാണ് ഞങ്ങൾക്ക് ആവശ്യം.**

Apply to :
e-mail : biblecor@yahoo.co.in
WhatsApp: (+91) 97908 05460

RNI.No.55468/94, Postal Regn.No.TN/CH/(C)/199/24-26 WPP.No.TN/PMG(CCR)/WPP-221/24-26

## Echo of His Call

YouTube
Please subscribe

Kindly view and subscribe our **Echo of His Call YouTube Channel** when you get time. Thanks. - Editor

## OUR BANK DETAILS:

*1. Bank : State Bank of India*

Branch : Triplicane, Chennai-5
Name : S. Sam Selva Raj
A/C No. : 1023 2934 679
IFSC : SBIN 00 00 249
SWIFT CODE : SBI NIN BB 455

*2. Bank : ICICI Bank*

Branch : Anna Salai, Chennai-6
Name : Echo of His Call
A/C No. : 6038 0502 2319
IFSC : ICIC 000 6038

*3. Bank : State Bank of India*

(This Account is for Tax Exemption for Indians only )

Branch : Triplicane, Chennai-5
Name : Echo of His Call Educational Trust
A/C No. : 1023 2923 805
IFSC : SBIN 00 00 249

Google Pay: 98410 71858
PayPal : SAM SELVA RAJ

*****

E.mail : sam@echoofhiscall.org

# വിളിയുടെ പ്രതിധ്വനി

**16 ഭാഷകളിലെ മാസിക, ബൈബിൾ കോളേജുകൾ, പോസ്റ്റൽ കോഴ്സുകൾ, സഭ സ്ഥാപിക്കുക, വില്ലേജ് ഇംഗ്ലീഷ് ഹൈസ്കൂൾ, സുവിശേഷ അച്ചടിശാല, ക്രൂസേഡുകൾ, സെമിനാറുകൾ, സാമൂഹ്യസേവനം മുതലായവ**

വാർഷിക വരിസംഖ്യ : 100/– രൂപ ആയുഷ്കാല വരിസംഖ്യ : 2000/– രൂപ

നിങ്ങളെപ്പോലെയുള്ള ദൈവമക്കളുടെ സഹായവും ഉദാരമായ സംഭാവനയുമാണ് **വിളിയുടെ പ്രതിധ്വനി**യുടെ വൈവിധ്യമുള്ള പ്രവർത്തനങ്ങൾക്കു സഹായകമായിട്ടുള്ളത്. ദൈവം പ്രേരിപ്പിക്കുന്നതുപോലെ **വിളിയുടെ പ്രതിധ്വനി** പ്രവർത്തനങ്ങളെ സഹായിക്കുവിൻ. സുവിശേഷം ഇതുവരെയും എത്തിച്ചേരാത്ത സ്ഥലങ്ങളിൽ സുവിശേഷം എത്തിക്കുവാനും സഭകൾ സ്ഥാപിക്കുവാനും നിങ്ങളുടെ സഹായം ആവശ്യമാണ്.

**വിളിയുടെ പ്രതിധ്വനി** മാസിക തുടർച്ചയായി ലഭിക്കണമെങ്കിൽ ഞങ്ങൾക്ക് എഴുതുവിൻ. നിങ്ങളുടെ വിലാസം മാറുമ്പോൾ പഴയതും പുതിയതുമായ വിലാസങ്ങളും ഇമെയിൽ അഡ്രസും അറിയിക്കുവിൻ.

ഞങ്ങളുടെ വെബ്സൈറ്റിൽ 16 ഭാഷകളിലെ മാസികകളും ലഭ്യമാണ്. വെബ്സൈറ്റിൽ കയറി നിങ്ങൾക്ക് അത് വായിക്കുകയും ഡൗൺലോഡ് ചെയ്യുകയും ചെയ്യാവുന്നതാണ്.

നിങ്ങളുടെ കത്തുകൾ, പ്രാർത്ഥനാ ആവശ്യങ്ങൾ, സാമ്പത്തിക സഹായം **ഡിമാന്റ് ഡ്രാഫ്റ്റ്, ചെക്ക്, മണി ഓർഡർ, പെ പാൽ (Sam Selva Raj, sam@echoofhiscall.org), നെഫ്റ്റ്, ഫോൺ പെ (9841071858) , ഗൂഗിൾ പെ (9841071858), വെസ്റ്റേൺ യൂണിയൻ മണിഗ്രാം** തുടങ്ങിയവയിലൂടെ താഴെ കാണുന്ന വിലാസത്തിൽ ദയവായി അയക്കുവിൻ.

നിങ്ങളുടെ ഫോൺ/മൊബൈൽ നമ്പർ, ഇമെയിൽ അഡ്രസ് തുടങ്ങിയവ അയച്ചുതരിക.

ECHO OF HIS CALL
10, MOHAMMED ABDULLAH 2nd STREET, CHEPAUK
CHENNAI - 600 005, INDIA
PH : (+91-44) 2852 8282, 2852 9293, 2854 7766
CELL : (+91) 98410 71852, 95661 31858
E-mails : sam@echoofhiscall.org / biblecor@yahoo.co.in
Websites : www.echoofhiscall.org / www.stpaulsmatriculation.com

**YOU CAN SEND YOUR DONATION ONLINE ALSO**

Regd. with the RNI under No. 55468/94
Licenced to post without pre-payment
Postal Regn. No. TN/CH (C) /199/24-26
Licence No. WPP. No. TN/PMG(CCR)/WPP-221/24-26
Date of Publication: First week of every month
Date of Posting : 3rd & 4th of every month Posted at "Egmore RMS / 1 Patrika Channel"
on 4th NOVEMBER 2024.
If un-delivered please return to:
ECHO OF HIS CALL (MALAYALAM)
P.O. Box No. 2957, Chepauk, Chennai - 600 005, INDIA.
Phone: (+ 91- 44) 2852 8282, 2852 9293, 2854 7766

*JESUS LOVES YOU!*

To

*GOD BLESS YOU!*

Owned and published by **S. Sam Selva Raj** from New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005 and printed by **S. Sam Selva Raj** at **Echo of His Call Printers,** New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005. Editor: **S. Sam Selva Raj.**